II ഇ.ബി. XII കേരള നിയമസഭ/ VIII-7

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2008 ജൂലൈ 1, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

19 (*181) വൈദ്യുതി മോഷണം

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ.എ.കെ.ബാലൻ) നൽകിയ മറുപടിയിൽ, വൈദ്യുതി മോഷണവും ക്രമക്കേടുകളും കണ്ടുപിടിക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ ഒരു ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിന്റെ മേൽനോട്ടത്തിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നതായി സഭയെ അറിയിച്ചു. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഈ സ്ക്വാഡുകൾ നിരന്തരം കേരളത്തിലെ എല്ലാ ഭാഗങ്ങളിലും പരിശോധനകൾ നടത്തുന്നു. പരിശോധനാ സംഘത്തിന് ആവശ്യമായ വാഹനങ്ങൾ, മീറ്റർ റീഡിംഗ് ഇൻസ്ട്രുമെന്റ്, മീറ്ററുകളുടെ പ്രവർത്തനം പരിശോധിക്കാനുള്ള അക്യുചെക്ക്, ലാപ്ടോപ്പ് കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. വൈദ്യുതി മോഷണം തടയുന്നതിനായി പുതിയ കണക്ഷനുകളിൽ ടാംപർ പ്രൂഫ് സ്റ്റാറ്റിക് മീറ്ററുകൾ ആണ്

സ്ഥാപിക്കുന്നത്. പഴയ മെക്കാനിക്കൽ മീറ്ററുകൾ ഘട്ടം ഘട്ടമായി മാറ്റി സ്ഥാപിച്ചു വരികയാണ്. മീറ്ററുകളുടെ സീലിംഗ് നടത്താനായി സെക്ഷൻ ഓഫീസുകളിൽ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈടെൻഷൻ ഉപഭോക്താക്കൾക്ക് ചെക്ക് മീറ്റേഴ്സ് സ്ഥാപിച്ചു വരുന്നുണ്ട്. ഇവയുടെ റീഡിംഗിലുണ്ടാകുന്ന അസാധാരണ വ്യത്യാസം മനസ്സിലാക്കി മോഷണശ്രമം നടക്കുന്നുണ്ടോ എന്ന് തിട്ടപ്പെടുത്താവുന്നതാണ്. ഇതിനുപുറമേ പാലക്കാട്ടെ കഞ്ചിക്കോട് ഇൻഡസ്ട്രിയൽ യൂണിറ്റിലേയ്ക്ക് മാത്രമായി ഹൈടെൻഷൻ മീറ്റർ ടെസ്റ്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനു പുറമേ സെക്ഷനുകളിലെ മീറ്റർ റീഡർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി നടത്തുന്ന പരിശോധനകളും അവയ്ക്ക് പുറമേ ഡിവിഷൻ തലത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധനകളും നടത്തിവരുന്നുണ്ട്. രാത്രി കാലങ്ങളിൽ മിന്നൽ പരിശോധനകളും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിച്ചാൽ അവയ്ക്ക് നിയമാനുസൃതമായ പിഴ ഈടാക്കുകയും ചെയ്തുവരുന്നുണ്ട്. കഴിഞ്ഞ വർഷം ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് 1144 വൈദ്യുതി മോഷണവും 1441 ദുരുപയോഗവും 764 ഷോർട്ട് അസ്സസ്മെന്റ് കേസുകളും 163 കേടായ മീറ്റർ കേസുകളുമായി ആകെ 3512 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം വൈദ്യുതി മോഷണം മൂലം ബോർഡിനുണ്ടായ നഷ്ടം 17,92,60,428 രൂപയുടേതാണ്; അത് റിയലൈസ് ചെയ്തുകഴിഞ്ഞു. മൂന്നു മേഖലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ കീഴിലായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രമാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിയന്ത്രണത്തിൽ മൂന്നു എ.പി.റ്റി.എസ്.

റീജിയണൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇതിനു കീഴിലായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും അസിസ്റ്റന്റ് എഞ്ചിനീയർമാരും ചേർന്ന പതിനൊന്ന് സ്ക്വാഡുകളും പ്രവ്രർത്തിച്ചു വരുന്നു. ചെറുകിട ഇടത്തര വൻകിട വൈദ്യുതി മോഷണങ്ങൾ തടയുന്നതിനായി എൽ.സി.ഡി. (ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ളേ) മീറ്ററുകൾ സ്ഥാപിക്കുന്നുണ്ട്. ചെക്ക് മീറ്ററുകൾ, സീൽ, ഇൻസുലേഷൻ കവർ, ഇലക്ട്രിക് വയറുകൾ എക്സ്പോസ് ചെയ്യുക, തുടങ്ങിയ മാർഗ്ഗങ്ങളും വൈദ്യുതി മോഷണം തടയുന്നതിനായി സ്വീകരി ക്കുന്നുണ്ട്.. വൈദ്യുതി ഉപയോഗിച്ചശേഷം പണം അടയ്ക്കാത്ത സർക്കാർ/പൊതുമേഖലാസ്ഥാപനങ്ങളുടെ കുടിശ്ശിക അടപ്പിക്കാൻ ഫലപ്രദ മായ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. വ്യവസായസ്ഥാപനങ്ങൾക്കായി വിത രണം ചെയ്യുന്ന വൈദ്യുതിയിൽ എന്തെങ്കിലും മാനിപുലേഷൻ വരുത്തിയിട്ടു ണ്ടെങ്കിൽ അത് കണ്ടുപിടിക്കാനുള്ള സംവിധാനം ഇപ്പോൾ കെ.എസ്.ഇ.ബി.-യിൽ നടപ്പാക്കിയിട്ടുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിനു പുറമേ സെക്ഷൻതല സ്ക്വാഡുകളും ഡിവിഷൻ തല സ്കാഡുകളും വൈദ്യുതിമോ ഷണം തടയാൻ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഈ ഇനത്തിൽ മുൻ യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് അസ്സസ് ചെയ്ത 99 കോടി രൂപയിൽ 30 കോടി രൂപ മാത്രമായിരുന്നു പിരിച്ചെടുത്തതെങ്കിൽ ഈ ഗവണ്മെന്റ് അധി കാരത്തിൽ വന്നശേഷം 30 കോടി രൂപ അസ്സസ് ചെയ്തതിൽ 23 കോടി രൂപയും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. 2006-07-ൽ എ.പി.ടി.എസ്. 27.3 കോടി രൂപയും സെക്ഷൻ ഡിവിഷൻ തലത്തിൽ 16.59 കോടി രൂപയും അസ്സസ് ചെയ്തു. മീറ്ററുകൾ കേടായ കേസ്സുകളിൽ കേടായതിനു തൊട്ടു

മുമ്പുള്ള ആറു മാസത്തെ ശരാശരി ഉപഭോഗം കണക്കാക്കിയാണ് ബിൽ കൊടുക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ. ബി.ക്ക് വേണ്ട മീറ്ററുകൾ വാങ്ങുന്നത് പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽസ്, കൊല്ലം എന്ന മീറ്റർ കമ്പനിയിൽ നിന്നാണ്. ഈ സ്ഥാപനത്തിൽ നിന്നും ഇതിനോടകം 23,64,500 മീറ്ററുകൾ വാങ്ങിയിട്ടുണ്ട്. തെഫ്റ്റ് തടയാൻ കഴിയുന്ന ലിക്വിഡ് ക്രിസ്റ്റൽ ഡിസ്പ്ളേ (എൽ.സി.ഡി) മീറ്ററുകൾ ഈ പൊതുമേഖലാ മീറ്റർ കമ്പനി സപ്ളൈ ചെയ്യുമെങ്കിൽ അവർക്ക് പ്രയോറിറ്റി കൊടുത്ത് അവിടെ നിന്ന് വാങ്ങുന്നതാണ്. അവർക്ക് അതിന് കഴിയില്ലായെന്നുണ്ടെങ്കിൽ ടെണ്ടർ വിളിക്കാനാണുദ്ദേശിക്കുന്നത്. വൈദ്യുതി മോഷണവുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഇലക്ട്രിസിറ്റി ആക്ടിലെ 135, 138 തുടങ്ങിയ വകുപ്പുകളനുസരിച്ച് മോഷണം ആദ്യമായി കണ്ടുപിടിച്ചാൽ, ആ ഉപഭോക്താവ് കാശ് അടയ്ക്കാൻ തയ്യാറായാൽ കോമ്പൗണ്ട് ചെയ്യുകയാണ് പതിവ്. എന്നാൽ രണ്ടാമത് പിടിക്കുകയാണെങ്കിൽ മൂന്നു കൊല്ലം വരെ തടവുശിക്ഷ നൽകുന്നതാണ്. വൈദ്യുതി കുടിശ്ശിക വരുത്തിയിട്ട് അടച്ചുപൂട്ടി പോകുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡുമായി ബന്ധപ്പെട്ട് 11 ഡിവിഷനുകളാണുള്ളത്. തെഫ്റ്റ് കേസ്സുകൾ പിടിക്കപ്പെട്ടാൽ അതിനെതിരെ കോടതിയെ സമീപിക്കുന്നതിനു പകരം പിഴയും കുടിശ്ശികയും അടയ്ക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. വൈദ്യുതി മോഷണം തടയുന്നതിന്റെ ഭാഗമായി ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നശേഷം ഡിവിഷൻ തലത്തിലും സെക്ഷൻ തലത്തിലും ജനപ്രതിനിധികളെ ഉൾപ്പെടുത്തി കൺസ്യൂമർ സർവ്വീസ് എന്ന നിലയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മോഷണം തടയു

ന്നതിന് ജനകീയമായ ഇടപെടൽ നടത്തുന്നതിനുള്ള കാര്യം ഈ സമിതി പരിഗണിക്കും. കേരള വാട്ടർ അതോറിറ്റി വൈദ്യുതി ബോർഡിന് നൽകാനുള്ള കുടിശ്ശിക സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഊർജ്ജ വകുപ്പുമന്ത്രിയും കൂടി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സർക്കാർ ആശുപത്രികളിലെ വൈദ്യുതി വിതരണം വിച്ഛേദിച്ചത് പുനഃസ്ഥാപിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായുള്ള ഒരു ശുദ്ധജല പദ്ധതിയുടേയും വൈദ്യുതി വിതരണം വിച്ഛേദിച്ചിട്ടില്ല. കൊല്ലം മീറ്റർ കമ്പനിയിൽ നിന്ന് പുതിയ മീറ്റർ സപ്ളൈ ചെയ്യുന്ന മുറയ്ക്ക് കേടായ 10,65,167-ത്തോളം മീറ്ററുകൾ സമയബന്ധിതമായി മാറ്റാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

20 (*182) <u>ബാർ ലൈസൻസുള്ള ക്ളബ്ബുകൾ.</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) നൽകിയ മറുപടിയിൽ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ലബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അതനുസരിച്ച് സംസ്ഥാനത്ത് 20 ക്ളബ്ബുകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. (തിരുവനന്തപുരം -5, കൊല്ലം-1, പത്തനംതിട്ട -1, ആലപ്പുഴ -1, എറണാകുളം -7, തൃശ്ശൂർ-3, പാലക്കാട് -2 )വിദേശമദ്യ ചട്ടത്തിലെ ചട്ടം 13(4 എ) പ്രകാരം മറ്റു വ്യവസ്ഥകൾക്ക് വിധേയമായി സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ക്ലബ്ബുകൾക്ക് ക്ലബ്ബ് ലൈസൻസ് (FL 4 A) നൽകാവുന്നതാണ്. അതിൻപ്രകാരം ചാരിറ്റബിൾ സൊസൈറ്റീസ്

ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലബ്ബുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ക്ലബ്ബിനെ പ്രതിനിധാനം ചെയ്യുന്ന ക്ലബ്ബു ഭാരവാഹികളുടെ പേരിലാണ് ലൈസൻസ് അനുവദിക്കുന്നത്. ഇത്തരം ക്ളബ്ബുകൾക്ക് നിലവിലുള്ള നിയമപ്രകാരമാണ് ബാർ ലൈസൻസ് നൽകിയിട്ടുള്ളത്. മതിയായ കാരണങ്ങളില്ലാതെ അവ റദ്ദു ചെയ്യാനാവില്ല; ഫോറിൻ ലിക്വർ റൂൾസിലെ വ്യവസ്ഥപ്രകാരം 6 ലക്ഷം രൂപ ഫീസ് ഈടാക്കിയശേഷമാണ് ലൈസൻസ് നൽകുന്നത്. ഈ ക്ളബ്ബുകൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യണമെന്നും 100 പേർ അംഗങ്ങളായിരിക്കണമെന്നും സൊസൈറ്റി സ്ഥിതി ചെയ്യുന്ന കെട്ടിടവും സ്ഥലവും സൊസൈറ്റിയുടെ പേരിലായിരിക്കണമെന്നും വാടകയ്ക്ക് കൊടുക്കാൻ 5 മുറികളെങ്കിലുമുണ്ടായിരിക്കണമെന്നും കാറ്ററിംഗ് ഫെസിലിറ്റി ഉണ്ടായിരിക്കണമെന്നും ഭക്ഷണവും മദ്യവും ക്ളബ്ബ് അംഗങ്ങൾക്ക് മാത്രമായിരിക്കണം വിതരണം ചെയ്യേണ്ടതെന്നും പുറമേയുള്ള മറ്റ് അഞ്ച് ക്ളബ്ബുകളുമായി ഈ ക്ളബ്ബിന് അഫിലിയേഷൻ ഉണ്ടായിരിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ഗോൾഫ് ക്ളബ്ബിന്റെ ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് റവന്യൂവകുപ്പുമന്ത്രി ജൂൺ മാസം 19-ാം തീയതി നൽകിയ കത്ത് അനന്തര നടപടികൾക്കായി നികുതി വകുപ്പ് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. ആ ഫയൽ ലഭ്യമായശേഷം വേണ്ട നടപടി സ്വീകരിക്കുന്നതാണ്. കള്ളുഷാപ്പുകൾ എക്സൈസ് ഡിപ്പാർട്ട്മെന്റ് നേരിട്ട് തുടങ്ങുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിച്ചിട്ടില്ല. വ്യാജമദ്യത്തിനെതിരായിട്ടുള്ള നടപടികൾ ത്വരിതപ്പെടുത്തിയതിന്റെ ഫലമായി കള്ളുൽപ്പാദനം വർദ്ധിക്കുകയും ചുരുക്കം ചില ജില്ലകളിൽ കള്ളുചെത്തു തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുകയും

ചെയ്തിട്ടുണ്ട്. കള്ളുചെത്തു വ്യവസായം പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗവണ്മെന്റ് ലക്ഷ്യമിടുന്നുണ്ട്. അതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ കൂടുതൽ ആരംഭിക്കണമെന്ന ആവശ്യം കണക്കിലെടുത്ത് അവശ്യം വേണ്ട സ്ഥലങ്ങളിൽ നിലവിലുള്ള നിയമം പാലിച്ചുകൊണ്ട് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വീര്യം കുറഞ്ഞ മദ്യം പരമാവധി ഉൽപ്പാദിപ്പിച്ച് വിതരണം നടത്താനുള്ള നടപടി സ്വീകരിക്കുന്നതാണ്. മദ്യപാനത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാനായി ശക്തമായ കാംപെയ്ൻ നടത്തുന്നുണ്ട്. കൂടാതെ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മണ്ഡലാടിസ്ഥാനത്തിലും എം.എൽ.എ. മാരും ജനപ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റുമാരും മെമ്പർമാരും തൊഴിലാളി സംഘടനാ പ്രതിനിധികളും രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റികളും ഇതിലേയ്ക്കായി രൂപീകരിച്ചിട്ടുണ്ട്. ബാറുകൾ നിശ്ചിത സമയത്തു മാത്രം പ്രവർത്തിക്കണമെന്നുള്ളതു സംബന്ധിച്ച് ഇപ്പോൾ യാതൊരു നിർദ്ദേശവും സർക്കാരിന്റെ പരിഗണനയിലില്ലെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

21 (*183) <u>ജില്ലാ ടൂറിസം കൗൺസിലുകളുടെ പ്രവർത്തന രീതി.</u>

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം 1988-ൽ നിലവിൽ വരികയും തദനുസരണം പ്രവർത്തിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ എന്ന് സഭയെ

അറിയിച്ചു. ജില്ലാ തലത്തിലുള്ള വിവിധ ടൂറിസം പദ്ധതികൾ നിർവ്വഹിക്കൽ, ടൂറിസം ക്ലബ്ബുകളുടെ രൂപീകരണം, ടൂറിസം ബോധവൽക്കരണ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ടൂറിസം പദ്ധതികളുടെ മോണിറ്ററിംഗിന് നോഡൽ ഏജൻസികളായി പ്രവർത്തിക്കുക, ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്ന എല്ലാ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തുക, ജില്ലാതലത്തിൽ സ്വകാര്യ ടൂറിസം സംരംഭകരുമായി ബന്ധം പുലർത്തുക, ജില്ലയുടെ ടൂറിസം വികസനത്തിനായി സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുക എന്നിവയാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ മുഖ്യ പ്രവർത്തനങ്ങൾ. ജില്ലാ കളക്ടർ ചെയർമാനായുള്ള ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നതാണ് ഡി.ടി.പി.സി.കളുടെ ഘടന. ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും എം.എൽ.എ/എം.പി.മാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികൾ, ടൂറിസം രംഗത്തെ പ്രമുഖ വ്യക്തികളും സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ ഘടനയിൽ മാറ്റം വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. വിനോദസഞ്ചാരികൾക്ക് ഗുണപ്രദമാകുന്ന രീതിയിൽ വിനോദസഞ്ചാര വികസനത്തിനായി വിവിധങ്ങളായ നൂതന പദ്ധതികൾ ടൂറിസം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. ഡി.ടി.പി.സി.യുടെ ഭാഗമായി ജോലി ചെയ്യുന്ന ജീവനക്കാരുടെ സംഘടനകളുമായി ആലോചിച്ച് അവരുടെ വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഡി.ടി.പി.സി.കൾക്ക് സ്വന്തമായി ആസ്ഥാനമുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം രംഗത്ത് വളരെയധികം സാദ്ധ്യതകളുള്ള ചാവക്കാട് ബീച്ച് നവീകരണത്തിനുള്ള

പ്രോജക്ട് സുനാമി പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ സുനാമി പദ്ധതിയിൽ 21 പദ്ധതികൾക്കാണ് അനുമതി കൊടുത്തിട്ടുള്ളത്. 10 പദ്ധതികൾ കൂടി ഏറ്റെടുക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുകയാണ്. അതിൽ ചാവക്കാട് കൂടി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ടൂറിസം വികസനത്തിന്റെ ഭാഗമായി എറണാകുളം, വയനാട് ജില്ലകളിൽ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നില വിലുള്ള ഹോം സ്റ്റേ സമ്പ്രദായം ക്ലാസിഫൈ ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഇത്തരം വീടുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി ഘടനയെ സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ പ്രത്യേകം പരിശോ ധിക്കുന്നതാണ്. വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ വഴി പദ്ധതി കൾ നടപ്പാക്കേണ്ടി വരുന്നതിനാലാണ് ഡി.ടി.പി.സി.യുടെ ചെയർമാനായി അതതു ജില്ലാ കളക്ടർമാരെ നിയമിച്ചിരിക്കുന്നത്. ഒരു ജില്ലയിൽ ധാരാളം ഡെസ്റ്റിനേഷനുകളുള്ളതിനാൽ ഓരോ ഡെസ്റ്റിനേഷനെയും അടിസ്ഥാന മാക്കി എം.എൽ.എ.മാർ ചെയർമാനായി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കാൻ ഗവണ്മെന്റ് തീരുമാനമെടുത്തിട്ടുണ്ട്. ഡി.റ്റി.പി. സി.-യുടെ ഗവേണിംഗ് ബോഡി ഏതെങ്കിലും ജില്ലയിൽ കൂടുന്നില്ലെങ്കിൽ അവ കൂടണമെന്നും അതാതു സ്ഥലത്തെ പദ്ധതികൾ ആവിഷ്ക്കരിക്കു മ്പോൾ അവിടത്തെ ജനപ്രതിനിധികളുടെ സഹകരണം തേടണമെന്നും നിർദ്ദേശം കൊടുക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

22 (*184) <u>കുട്ടനാട് പാക്കേജ്.</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) നൽകിയ മറുപടിയിൽ, കുട്ടനാടിന്റെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ഡോ. സ്വാമിനാഥൻ കമ്മീഷൻ 1839.75 കോടി രൂപയ്ക്കുള്ള ഒരു പാക്കേജ് ശുപാർശ ചെയ്തിട്ടുണ്ടെന്നും അതിന്റെ അടിസ്ഥാനത്തിൽ ഒരു കർമ്മ പദ്ധതി സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്ര സർക്കാറിന് സമർപ്പിച്ചിട്ടുണ്ടെന്നും ഇതിന് കേന്ദ്ര അനുമതി പ്രതീക്ഷിക്കുന്നുവെന്നും സഭയെ അറിയിച്ചു. കുട്ടനാടിന്റെ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് വിവിധ പദ്ധതികൾ ഉൾക്കൊള്ളുന്നതും ജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതുമായ പദ്ധതികൾ ഉൾക്കൊള്ളുന്ന ഒരു സമഗ്ര പദ്ധതിയാണിത്. കുട്ടനാട് മേഖലയിലെ പരിസ്ഥിതി സംബന്ധിച്ച് 335.5 കോടി രൂപയുടേയും കർഷകരുടെ ജീവനമാർഗ്ഗം ഉറപ്പുവരുത്തുന്നതിന് 1504.25 കോടി രൂപയുടേയും പദ്ധതികളാണ് ശുപാർശയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിക്കുന്നതിന് എല്ലാ വിധത്തിലുള്ള സമർദ്ദവും കേന്ദ്ര സർക്കാരിൽ നിരന്തരം ചെലുത്തി വരികയാണ്. 2007 മാർച്ച് മാസം മുതലാണ് കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരംഭിക്കുന്നത്. 2007 മാർച്ച്, ഏപ്രിൽ, ജൂൺ എന്നീ മാസങ്ങളിൽ വിവിധ തീയതികളിലായി സ്വാമിനാഥൻ കമ്മീഷൻ കുട്ടനാട് സന്ദർശിച്ച് വിവിധ സംഘടനകൾ, ജനപ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചത്.

കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന് കേന്ദ്രത്തിന്റെ പൂർണ്ണ സഹായസഹകരണങ്ങൾ ആവശ്യമാണ്. കുട്ടനാടിന്റെ പാരിസ്ഥിതിക ഘടകങ്ങൾക്ക് പരിക്കില്ലാത്ത വിധത്തിലുള്ള കാർഷികാഭിവൃദ്ധിയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് കേന്ദ്ര ഗവണ്മെന്റിൽ നിന്നും സഹായം ലഭ്യമാക്കാൻ വീണ്ടും സമ്മർദ്ദം ചെലുത്തുന്ന കാര്യം കക്ഷിഭേദമന്യേ കൂട്ടായി ആലോചിക്കാം. അന്ധകാരനഴി സ്പിൽവേ പൊളിച്ചു പണിയുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ഇറിഗേഷൻ വകുപ്പുമന്ത്രി കേന്ദ്ര ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥതലത്തിൽ ആവശ്യമായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട 185 മുതൽ 210 വരെയുള്ള ചോദ്യങ്ങളിൽ 26 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1394 മുതൽ 1672 വരെയുള്ള ചോദ്യങ്ങളിൽ 186 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)